# CO-OPERATIVE ACADEMY OF PROFESSIONAL EDUCATION

**(Established by the Government of Kerala)**

നമ്പർ.എ.സി.ഡി/03/2021/കേപ്പ് 1213

തിരുവനന്തപുരം
തീയതി 29.01.2021

സ്വീകർത്താവ്,

പ്രിൻസിപ്പാൾ,
കോളേജ് ഓഫ് എഞ്ചിനീയറിംഗ് മുട്ടത്തറ/ പെരുമൺ/പത്തനാപുരം/ ആറന്മുള/പുന്നപ്ര/കിടങ്ങൂർ/തലശ്ശേരി/വടകര/ തൃക്കരിപ്പൂർ

സർ,

വിഷയം; കേപ്പ്- കേരള കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം 2015 പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്.

സൂചന; 16.10.2019 ലെ സ.ഉ.(സാധാ) നം.616/2019 സഹ നമ്പർ ഉത്തരവ്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം കേപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000/- രൂപ വീതം ഈ വർഷവും **"ഇ.കെ.നയനാർ കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ സ്കോളർഷിപ്പ്"** നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

സ്കോളർഷിപ്പിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. പ്ലസ് ടൂവിന് 85 ശതമാനത്തിൽ കുറയാതെ മാർക്ക് ഉണ്ടായിരുക്കണം.
2. കുടുംബ വാർഷിക വരുമാനം 2,00,000/ രൂപ കവിയരുത്.
3. മറ്റ് സ്കോളർഷിപ്പ് ലഭിക്കാത്തവരായിരിക്കണം.
4 സഹകരണ മേഖലയിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായി സംവരണം ചെയ്ത സീറ്റിൽ പ്രവേശനം നേടിയവർ. (ഇവർക്ക് 1 ഉം 2 ഉം വരെയുള്ള നിബന്ധനകൾ ബാധകമല്ല).

2020-2021 അക്കാഡമിക് വർഷത്തിൽ അഡ്മിഷൻ നേടിയ ലാറ്ററൽ എൻട്രി ഉൾപ്പെടെയുള്ള വിദ്യാർത്ഥികളിൽ നിന്നും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉൾപ്പെടെയുള്ള അപേക്ഷകൾ 2021 ഫേബ്രുവരി 15 വരെ കോളേജിൽ സ്വീകരിക്കേണ്ടതാണ്. കോളേജിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ളവ പ്രിൻസിപ്പാളിന്റെ ശുപാർശയോടുകൂടി കേപ്പ് ഹെഡ് ഓഫീസിൽ 25.2.2021 നകം ലഭ്യമാക്കേണ്ടതാണ്. 25.2.2021 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ചതും ഇപ്പോൾ 3-4/ 5-6/ 7-8 സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാവും. അവരിൽ നിന്നും പുതിയ അപേക്ഷ വാങ്ങേണ്ടതില്ല. എന്നാൽ കഴിഞ്ഞ വർഷം

കോവിഡിന്റെ പശ്ചാത്തലത്തിൽ നിശ്ചിതസമയത്ത് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത വിദ്യാർത്ഥിക്ക് അക്കാലത്തെയും ഈ വർഷത്തേയും സ്കോളർഷിപ്പ് ലഭിക്കാൻ പ്രത്യേക അപേക്ഷ വാങ്ങി അയയ്ക്കക്കേണ്ടതാണ്.

സ്കോളർഷിപ്പ് നല്കുന്ന വിവരം മാധ്യമങ്ങൾ മുഖേനയും അല്ലാതെയും വേണ്ടത്ര പ്രചാരണം നല്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിവരം എല്ലാ വിദ്യാർത്ഥികളെയും രക്ഷിതാക്കളേയും അറിയിക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

R. S. [signature]

ഡയറക്ടർ

ഉള്ളടക്കം; അപേക്ഷയുടെ മാതൃക

# CO-OPERATIVE ACADEMY OF PROFESSIONAL EDUCATION,CAPE
## APPLICATION FORM FOR E.K.NAYANAR CO-OPERATIVE PROFESSIONAL EDUCATION SCHOLARSHIP

1. Name of College :
2. Name of Student :
3. Name of Branch :
4. Admission No :
5. Date of Birth :
6. Sex :
7. Permanent Address :
8. Communication Address :
9. Mobile No :
10. Religion :
11. Father's Name :
12. Occupation :
13. Annual income of the Parent :
14. Quota in which admission received : MERIT/MANAGEMENT/RESERVE
15. KEAM rank No. :
16. Mode of Admission :
17. Percentage of Marks obtained in Plus two :
18. If scholarship received for previous year : Yes/ No
19. Details of Marks obtained in Plus two : /1200

| Name | Subject | Maximum Mark | Marks obtained | % of marks |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| Total Marks | | | | |

I………………………………………is hereby declare that the information furnished above are true and I have not received any Financial Assistance from any source.

Signature of the applicant

Signature of the Parent or Guardian

Place:

Date: